# പറവാൻ താമസമുള്ളവരാകുവിൻ

## യാക്കോബ് 1:19

**“എന്നാൽ ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും, പറവാൻ താമസവും, കോപത്തിന്നു താമസവും ഉള്ളവൻ ആയിരിക്കട്ടെ.”**

ഒരു ദൈവപൈതൽ തന്റെ ജീവിതത്തിൽ മാതൃകയാക്കേണ്ട സംസാരശൈലിയെപ്പറ്റി ഓർമ്മപ്പെടുത്തുന്ന ഒരു വാക്യമാണ് നാം ഇവിടെ കാണുന്നത്. പലപ്പോഴും പറഞ്ഞു പോയ വാക്കുകളെ ഓർത്ത് പിന്നീട് ചിന്തിക്കുന്നവരും, വേദനിക്കുന്നവരും ആണ് നാം. പലപ്പോഴും അങ്ങനെ പറയേണ്ടിയിരുന്നില്ല എന്ന് പോലും തോന്നിയ സാഹചര്യങ്ങളും ഉണ്ടാകാം. എന്നാൽ ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നത് മറിച്ചാണ്. ചിന്തിച്ചതിനു ശേഷം മാത്രം നാം സംസാരിക്കണം, കാരണം സദൃശ്യവാക്യങ്ങൾ 12:13 ഇപ്രകാരം പറയുന്നു, “അധരങ്ങളുടെ ലംഘനത്തിൽ വല്ലാത്ത കണിയുണ്ട്, ഒരുവൻ തന്റെ വായുടെ ഫലത്താൽ നന്മ അനുഭവിച്ച് തൃപ്തനാകും.” അതിനാൽ വികാരങ്ങളുടെ അടിസ്ഥനത്തിൽ സംസാരിക്കാതെ; സംസാരിക്കുന്നതിന്നു മുമ്പ് ഒരു നിമിഷം ദൈവസന്നിധിയിൽ നമ്മെ സമർപ്പിച്ച്, ദൈവപരിജ്ഞാനത്തോടെ സംസാരിക്കാൻ കഴിഞ്ഞാൽ എത്ര വ്യത്യസ്തമായ ഒരു അനുഭവം ആയിരിക്കും അത്. 1 പത്രോസ് 3:10 ൽ പറയുന്നു, “ജീവനെ ആഗ്രഹിക്കുകയും ശുഭകാലം കാണ്മാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ.”

നമ്മുടെ ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും ഇപ്രകാരം പ്രവൃത്തിക്കുവാൻ സാധിക്കുന്നുണ്ടോ എന്ന് നമുക്ക് സ്വയം ശോധന ചെയ്തു നോക്കാം. മറ്റുള്ളവരെ ശ്രവിക്കാൻ സമയമില്ലാത്ത ഒരു ലോകത്തിലാണ് നാം ഇന്നായിരിക്കുന്നത്. നമ്മുടെ ചിന്തകളും തീരുമാനങ്ങളും മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിച്ച് മുന്നോട്ടു പോകാൻ വ്യഗ്രത കാട്ടുന്ന ഒരു ലോകത്തിന്റെ മധ്യത്തിൽ ദൈവപൈതൽ വചനപ്രകാരം വ്യത്യസ്തനായി തീരണമെന്ന് ദൈവം അഗ്രഹിക്കുന്നു. കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിൽ ജീവിച്ച കാലഘട്ടത്തിൽ തന്റെ അടുക്കലേക്ക് കടന്നു വന്നവരെയെല്ലാം ക്ഷമയോടെ ശ്രവിച്ചവനാണ്. ആരെയും പഴിക്കാതെ, വിധിക്കാതെ, ദുഷിക്കാതെ, കുറ്റവാളിയെപ്പോലും കുറ്റപ്പെടുത്താതെ, മാനസാന്തരത്തിലേക്ക് നയിച്ച് ജീവിതത്തിന്റെ അവസാന നിമിഷവും ഉപദ്രവിച്ചവർക്കു വേണ്ടി പ്രാർത്ഥിച്ച് അവരെ അനുഗ്രഹിച്ച് മാതൃക കാണിച്ചു തന്നവനാണ്.

ഈ ദൈവസ്നേഹത്തിലാണ് നാമും ഈ ലോകത്ത് ജീവിക്കുന്നതെങ്കിൽ നമുക്കും ഇതേ മാതൃക പിന്തുടരാൻ കഴിയണം. സഹജീവികളെ സ്നേഹത്തോടെ ചേർത്തു നിർത്താൻ കഴിയണം. അതുകൊണ്ട് ദൈവസന്നിധിയിൽ നാവിന്റെ ശാന്തതയ്ക്കായും അതിനെ നിയന്ത്രിച്ച് മറ്റുള്ളവരെ ക്ഷമയോടെ കേൾക്കാനുമുള്ള കൃപയ്ക്കായും യാചിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

**യാക്കോബ് 1:26**

നിങ്ങളിൽ ഒരുവൻ തന്റെ നാവിന് കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചു കൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥമത്രേ.

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 087**